ADJOURNMENT MOTION

MR. KANNARA GOPALA PANICKER : പ്രമേയം ഞാൻ പിൻവലിക്കുന്നു

MR. A. NEDAMONY : Sir, the honourable member who obtained the leave of this House to move the adjournment of the business of the House has now no right to withdraw that resolution without the consent of the House. Rules relating to this motion are contained in rules 18 to 20 of the Legislative Assembly Rules and the Standing Orders 17 to 19. Well, under Rule 47 there is provision for withdrawal of a resolution that is proposed to be moved by any member. But there is no provision either in the Rules or in the Standing Orders which empowers a member who has already obtained the leave of the House to move an adjournment of the business to withdraw that resolution, because it is a valuable right that has been conferred upon the House to discuss a matter of urgent public importance. It may so happen that any member to avoid criticism of the Government in power or avoid criticism on any section of the House may so play a trick that such a resolution may be moved, the leave of the House obtained and then withdraw it. Therefore I submit that the mover has no right to withdraw from the position that he has taken and say that he withdraws this resolution. I request the Chair to give a ruling on this matter.

MR. PRESIDENT: ഇതിനെ സംബന്ധിച്ച് മിനിസ്റ്റർ ഫോർ ലാ-യുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം.

HON'BLE MR. A. THANU PILLAI: ഇവിടെ ഒരു മോഷൻ അവതരിപ്പിച്ചിട്ടില്ല. അവതരിപ്പിക്കാതെ ഇരിക്കുന്ന സ്ഥിതിക്ക് പിൻവലിക്കുന്നതിനു ഹൗസിന്റെ അനുവാദം വേണ്ട. അതിനു വേണ്ടി നിർബന്ധിക്കാൻ ഹൗസിനു അധികാരവും ഇല്ല. അതുകൊണ്ട്, അവതരിപ്പിച്ചേ തീരുവെന്ന് നിർബന്ധിക്കാൻ അധികാരം ഇല്ലാത്തതുകൊണ്ട്, അവതരിപ്പിക്കുന്നില്ല എന്നു പറഞ്ഞാൽ അതിൽ കവിഞ്ഞു് ഒന്നും ഇവിടെ ഹൗസിനു ചെയ്യാനില്ല.

MR. PRESIDENT : ഇതേപ്പറ്റി യാതൊരു വ്യവസ്ഥയും ഇല്ല. ഈ അഡ്ജോണ്മെൻറ് മോഷൻ അവതരിപ്പിച്ചതിന്റെ ശേഷം പിന്നീടു പിൻവലിക്കാമോ എന്ന പ്രശ്നം ഇവിടെ ഉൽഭവിക്കുന്നില്ല. അദ്ദേഹം ഈ ഉപക്ഷേപം ഇപ്പോൾ അവതരിപ്പിക്കുന്നില്ലായെന്നാണു പറഞ്ഞിരിക്കുന്നതു്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ എന്താണു് ചെയ്യേണ്ടതെന്നു യാതൊരു വ്യവസ്ഥയും ഇല്ല. അതുകൊണ്ടു് അദ്ദേഹത്തിനു പിൻവലിക്കുന്നതിനുള്ള അവകാശം ഉണ്ടെന്നാണെന്റെ വിളിഗ്. വണ്ടും ബില്ലിനെപ്പറ്റിയുള്ള ചർച്ച ഇനിയും തുടരണമോ അതോ സഭ പിരിയണമോയെന്നുള്ളതു് ഈ സഭ തന്നെ തീരുമാനിക്കേണ്ടതാണു്.

MR. T. K. NARAYANA PILLAI: തുടരേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MUHAMMED: രാവിലെ അനുസരിച്ച് നാലരമണിവരെയാണ് സമയം. അഡ്ജേണ്മെന്റ് മോഷൻ അവതരിപ്പിക്കുന്നില്ലെങ്കിൽ നാലരമണിവരെ സഭ തുടരുന്നതിന് സഭയുടെ അനുവാദം ആവശ്യമുണ്ടോ.?

MR. PRESIDENT: അതായത് സഭാനടപടികളെല്ലാംനിറുത്തിവച്ചിട്ടാണ് ഈ ബിന്നിനെപ്പറ്റിയുള്ള ചർച്ച ആരംഭിക്കുന്നത്. അതനുസരിച്ച് നാലു മണിക്കു സഭാനടപടികൾ നിറുത്തിവച്ചു. അതുകൊണ്ടാണു സഭയുടെ അനുവാദം വേണമെന്ന് ഞാൻ പറഞ്ഞത്. അതിലേക്കു ആർക്കും തന്നെ എതിരഭിപ്രായം ഇല്ലെന്നു കാണുന്നതുകൊണ്ട് ഈ ബില്ലിനെപ്പറ്റിയുള്ള ചർച്ചകൾ നാലരമണിവരെ നടത്താമെന്നാണ് എന്റെ റൂളിംഗ്.

HON'BLE MR. C. KESAVAN ഞാൻ അതിനെക്കുറിച്ച് പറയാനുള്ളതെല്ലാംതന്നെ പറഞ്ഞുകഴിഞ്ഞുവെന്നാണ് തോന്നുന്നത്. ബില്ലിന്റെ വ്യവസ്ഥകളിൽ നിശ്ചയിച്ചിരിക്കുന്നതായ രണ്ടുരൂപ കൊടുക്കുന്നതിക്കുന്നതായാൽ സമ്മതിയായിട്ട് നടപടിനടത്തി വാങ്ങിച്ചുകൊടുക്കുന്നതും ഇതു സംബന്ധിച്ച് തെറ്റു ചെയ്യുന്ന മുതലാളിമാരെപ്രോസിക്യൂട്ട ചെയ്യുന്നതിനും വേണ്ട വ്യവസ്ഥ ഈ ബില്ലിനുണ്ട്. ഒന്നു രണ്ടു കൊല്ലം മുമ്പ് ഡെഡ് ഡിസ്പ്യൂട്ട്സ് ബിൽ എന്നൊരു ബില്ല് പരിഗണനയിലുണ്ടായിരുന്നു. പക്ഷേ അതു നിയമമായില്ല അതുകൊണ്ടാണ് ഈ ബിൽ അവതരിപ്പിക്കുന്നതിനു ഇടയായിട്ടുള്ളത്. ഇതിനെ എല്ലാപേരും അനുകൂലിച്ച് സിലക്ട് കമ്മിറ്റിക്കു അയയ്ക്കുന്നതിനുള്ള അനുമതി തരണമെന്നു അപേക്ഷിക്കുന്നു.

MR. PRESIDENT: ഈ ബില്ലിന്റെ പൊതുതത്വത്തെപ്പറ്റിയെങ്കിലും അഭിപ്രായം പറയാൻ ഉണ്ടെങ്കിൽ പറയാം.

MR. K. K. CHELLAPPAN PILLAI: ഇതിന്റെ പൊതുതത്വങ്ങളോട് ഞാൻ യോജിക്കുന്നു. ഇപ്പോൾ ഇവിടെ കാണുന്ന വ്യവസായികസ്ഥാപനകൾക്ക് എല്ലാംതന്നെ കാരണം ഈ തൊഴിലാളികളുടെയും വ്യവസായശാലകളുടെയും ബന്ധം നിലനിറുത്തുക്കതരത്തിൽ തൊഴിലുടമകൾക്കുള്ള നിശ്ചിതമായ വേതനം ലഭിക്കുന്നില്ലെന്നുള്ളതുകൊണ്ടാണെന്നാണ് പ്രധാനമായി കാണുന്നത്. അതിന് പരിഹാരത്തിൽ ഇന്നു അത്യാവശ്യമായിരിക്കുന്നത് തൊഴിലാളികൾക്ക് അവരുടെ കൂലിനിശ്ചയി

LIBRARY ARCHIVES Kerala Legislative Assembly